II ഇ.ബി. XII- കേരള നിയമസഭ/XIV-13

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

41 (*361) വ്യാവസായിക വളർച്ച

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 245.17 കോടി രൂപ മുതൽമുടക്കുള്ള 13 വൻകിട വ്യവസായങ്ങളും 48.44 കോടി രൂപ മുതൽമുടക്കുള്ള എട്ട് ഇടത്തരം വ്യവസായങ്ങളും കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ വൻകിട-ഇടത്തരം മേഖലയിൽ 630.39 കോടി രൂപ മുതൽമുടക്കിൽ 36 വ്യവസായ പദ്ധതികൾ ആരംഭിക്കുകയും 15518 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 66 ഇടത്തരം വൻകിട പദ്ധതികൾക്ക് ധാരണാപത്രം ഒപ്പിടുകയും ചില പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിച്ച രേഖകൾ പ്രകാരം 2006-07-ൽ 13.46 ശതമാനവും 2007-08-ൽ 4.01 ശതമാനവും 2008-09-ൽ 8.00 ശതമാനവും വ്യാവസായിക വളർച്ച ഉണ്ടായിട്ടുണ്ട്. ഭക്ഷ്യ-ഉല്പന്ന വ്യവസായങ്ങൾ, വസ്ത്ര നിർമ്മാണം, ലൈറ്റ് എൻജിനീയറിംഗ്, ഐ.ടി മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, കരകൗശല മേഖലയിൽപ്പെട്ട പരമ്പരാഗതവ്യവസായങ്ങൾ, ആയുർവേദ ഉല്പന്ന വ്യവസായങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ എന്നീ മേഖലകളിലാണ് കൂടുതൽ വളർച്ച നേടാൻ കഴിഞ്ഞിട്ടുള്ളത്. ഇതിന്റെ ഫലമായി വ്യാവസായിക രംഗത്ത് അനേകം പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. വ്യവസായികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ സംരംഭം ആരംഭിക്കുന്നതിനുള്ള ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രീൻചാനൽ ക്ലിയറൻസ് കൗണ്ടറിന്റേയും സംസ്ഥാന/ജില്ല തലങ്ങളിൽ പ്രവർത്തിക്കുന്ന സിംഗിൾ വിന്റോ ക്ലിയറൻസ് ബോർഡുകളുടേയും സേവനം ലഭ്യമാക്കുകയും മാർജിൻ മണി വായ്പ, മൂലധന നിക്ഷേപ സബ്സിഡി എന്നിവ നൽകുകയും ലഭ്യത അനുസരിച്ച് വ്യവസായ വികസന ഏരിയകൾ, പ്ലോട്ടുകൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥലം അനുവദിക്കുകയും ചെറുകിട വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന മേളകൾ സംഘടിപ്പിക്കുകയും രാജ്യത്തിനകത്തും പുറത്തുമുള്ള മേളകളിൽ പങ്കെടുക്കുന്നതിന് സഹായ സഹകരണങ്ങൾ നൽകുകയും ചെറുകിട

വ്യവസായ സംരംഭകർക്കുള്ള പ്രൈസ് പ്രിഫറൻസ് ആനുകൂല്യം പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മാനേജീരിയൽ ട്രെയിനിംഗും സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗും മൂന്ന് ലക്ഷം രൂപ വരെ മാർജിൻ മണി ഗ്രാന്റും നൽകുന്നുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഇടുക്കി, തൃശ്ശൂർ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽവച്ച് 2008-09, 2009-10 വർഷങ്ങളിലായി 11 ഇൻവെസ്റ്റേഴ്സ് മീറ്റുകളും വ്യവസായികളുടെ പരാതികൾ പരിഹരിക്കുന്നതിന് വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 9 ജില്ലകളിൽ മുഖാമുഖം പരിപാടിയും നടത്തുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്ന അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഈ വർഷംതന്നെ ലാഭത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുക്കു ന്നവരുടെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നുണ്ട്. പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് 246 കോടി രൂപയും കെൽ-ന്റെ നവീകരണ-വിപുലീകരണ പ്രവർത്തനങ്ങൾക്കായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ വ്യാവസായിക വളർച്ചയ്ക്ക് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ടെന്നും കേരളത്തിൽ ഇതുവരെ 15 സെസ്സ് മേഖലകൾ നോട്ടിഫൈ ചെയ്തിട്ടുണ്ടെന്നും സെസ്സ് അപേക്ഷകളൊന്നും പെൻഡിംഗിലില്ലെന്നും മന്ത്രി വ്യക്തമാക്കി. തൃശ്ശൂരിൽ കേര പാർക്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണെന്നും ‘കെയർ കേരള’ ആയുർവേദ

ക്ലസ്റ്ററിന്റെ നിർമ്മാണത്തിന് കമ്പനി രൂപീകരിച്ച് സാമ്പത്തിക സഹായം ലഭ്യമാക്കിയെന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി അത് പ്രാവർത്തികമാക്കുന്നതാണെന്നും ചീമേനിയിലെ 2400 മെഗാവാട്ടിന്റെ താപവൈദ്യുത നിലയം പ്രാവർത്തികമാക്കുന്നതോടുകൂടി കാസർഗോഡ് ജില്ലയിലെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുമെന്നും കോമളപുരം ഇൻഡസ്ട്രിയൽ പാർക്കിന്റെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണെന്നും ഇൻകെലുമായി ചേർന്ന് സംയുക്ത സംരംഭമായി മലപ്പുറം ജില്ലയിലെ പാണക്കാട്ട് ആധുനിക വ്യാവസായിക ശൃംഖല ആരഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ട്രാവൻകൂർ സിമന്റ്സിൽ കക്ക ട്രഞ്ച് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനും ലേ ഓഫ് ഒഴിവാക്കാനും ഉന്നതതല യോഗം വിളിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ/സഹകരണ വകുപ്പുകളുമായി ബന്ധപ്പെട്ട് ചെറുകിട കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും അടച്ചുപൂട്ടപ്പെട്ട മാവൂർ ഗ്വാളിയാർ റയോൺസിന്റേയും ആസ്ട്രാൾ വാച്ചസിന്റേയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

42 (*362) <u>സ്പോർട്ട്സ് കൗൺസിലുകൾ</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാന/ജില്ലാ

തലങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2010 സ്പോർട്സ് വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 998 ഗ്രാമപഞ്ചായത്തുകളിലും 53 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും സ്പോർട്ട്സ് കൗൺസിലുകൾ സമയബന്ധിതമായി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും 2010 ജനുവരി 20-ന് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ബന്ധപ്പെട്ടവരുടെ യോഗ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന അംഗ ങ്ങളുടെ വിശദ വിവരം ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ സ്പോർട്ട്സ് കൗൺസിൽ മുഖേന സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് നൽകേണ്ടതും സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അത് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തിനായി ക്രോഡീകരിച്ച് സർക്കാരിന് നൽകേണ്ടതുമാണ്. ഇതുവരെ 475 പഞ്ചായത്തുകൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നതോടൊപ്പം ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയവും നീന്തൽ കുളവും നിർമ്മിക്കേണ്ടതുണ്ട്. സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി (നീന്തൽക്കുളങ്ങൾ ഉൾപ്പെടെ) സ്പോർട്ട്സ് കൗൺസിൽ മുഖേന 15,59,60,689/- രൂപയും കായിക യുവ ജനകാര്യ വകുപ്പ് മുഖേന 8 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ

സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ സർക്കസ് അക്കാഡമി, കോഴിക്കോട് നാദാപുരം ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് സ്വിമ്മിംഗ്പൂൾ, വയനാട് ജിനചന്ദ്ര സ്റ്റേഡിയം, വയനാട് കടമാൻചിറ നവീകരണം, മലപ്പുറം സ്പോർട്ട്സ് കോംപ്ലക്സ്/ഫുട്ബോൾ അക്കാഡമി, മലപ്പുറം കോട്ടപ്പടി മൈതാനം (പുതുക്കിപ്പണിയൽ), ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയം (പുതുക്കിപ്പണിയൽ), പാലക്കാട് ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ ഇൻഡോർ സ്റ്റേഡിയം/കോർപ്പറേഷൻ സ്റ്റേഡിയം (നവീകരണം), സ്വിമ്മിംഗ് പൂൾ, എറണാകുളം സ്വിമ്മിംഗ് പൂൾ, മഹാരാജാസ് കോളേജ് സിന്തറ്റിക് ട്രാക്ക് നിർമ്മാണം, പവലിയൻ നവീകരണം, ആലപ്പുഴ സ്റ്റേഡിയം നിർമ്മാണം, പത്തനംതിട്ട സ്റ്റേഡിയം നിർമ്മാണം, കോട്ടയം ഇൻഡോർ സ്റ്റേഡിയം നിർമ്മാണവും ജംപ്സ് അക്കാഡമിക്ക് ഉപകരണങ്ങൾ വാങ്ങി നൽകലും, ഇടുക്കി ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഒന്നാംഘട്ടം പൂർത്തിയാക്കലും ഇടവെട്ടിച്ചിറ നവീകരണവും, റൈഫിൾ അസോസിയേഷന് ഷൂട്ടിംഗ് ഉപകരണങ്ങൾ വാങ്ങി നൽകൽ, തിരുവനന്തപുരം പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം എന്നിവയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൗൺസിലിന് സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റിൽ നിന്നും എം.എൽ.എ/എം.പി. ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവയിൽ നിന്നും ഇവയ്ക്കുള്ള ഫണ്ട് കണ്ടെത്തുന്നു. സ്പോർട്ട്സ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ 69 ശുപാർശകളിൽ ഒട്ടേറെ ശുപാർശകൾ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരുടെ

അഭാവം പരിഹരിക്കുന്നതിന് സെക്ഷൻ ഓഫീസർ റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥരെ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിമാരായി നിയമിക്കുന്നതിനുള്ള നിയമിക്കാമെന്നുള്ള നിയമ ഭേദഗതി പ്രാബല്യത്തിൽ വരുന്നതോടുകൂടി പരിഹാരമുണ്ടാകുമെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ പൈക്ക പദ്ധതി 200 ഗ്രാമപഞ്ചായത്തുകളിലും 28 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകൾക്ക് 18 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭിക്കുന്നതാണെന്നും കുട്ടികൾക്ക് ഫുട്ബാൾ പരിശീലനം നൽകുന്നതിനായി വേൾഡ് ഫുട്ബാൾ ഫെഡറേഷന്റേയും ഏഷ്യൻ ഫുട്ബാൾ ഫെഡറേഷന്റേയും സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന വിഷൻ ഇൻഡ്യ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

43 (*363) <u>കുടിവെള്ളത്തിന്റെ ഗുണനിലവാരമില്ലായ്മ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, കേരള വാട്ടർ അതോറിറ്റിവഴി വിതരണം ചെയ്യുന്ന കുടിവെള്ളം ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതെന്ന് സഭയെ അറിയിച്ചു. ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നേരിട്ട് പമ്പ് ചെയ്ത് കുടിവെള്ളം വിതരണം നടത്തുന്ന സ്ഥലങ്ങളിൽ ലാബ് സൗകര്യമില്ലാത്തതിനാൽ കാര്യമായ പരിശോധന നടക്കുന്നില്ല. പുതുതായി ആരംഭിക്കുന്ന പദ്ധതികളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

Quality affected habitation കണ്ടെത്താൻ കേരള വാട്ടർ അതോറിറ്റി നടത്തിയ പഠനത്തിൽ കുടിവെള്ളത്തിന് ഗുണനിലവാര പ്രശ്നങ്ങളുള്ളതായി കണ്ടെത്തിയ 1879 വാർഡുകളിലെ സ്ഥലങ്ങളിൽ ശുദ്ധജലം വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ എ.ആർ.പി. സ്കീമിൽ ഈ വാർഡുകളെ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സി.സി.ഡി.യു-വും മലയാള മനോരമയും സംയുക്തമായി സംഘടിപ്പിച്ച 'ജലതരംഗം' പദ്ധതി പ്രകാരം 14 ജില്ലകളിൽ സ്കൂളുകളിലൂടെയുള്ള ജല ഗുണനിലവാര പരിശോധന നടത്തിയപ്പോൾ 7500-ഓളം കിണറുകളിൽ പ്രാദേശികമായ പ്രത്യേകതകളുള്ള ഗുണനിലവാര പ്രശ്നങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി സ്കൂളുകളിലൂടെയുള്ള ജല ഗുണനിലവാര പരിശോധന നടത്തുന്നതിന് ശ്രമിക്കുന്നതാണ്. കേരളത്തിലെ ജല സ്രോതസ്സുകളുടെ ഗുണനിലവാരത്തെക്കുറിച്ച് പല പഠനങ്ങളും സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിവരുന്നു. സംസ്ഥാനത്തെ മുഴുവൻ ജലസ്രോതസ്സുകളേയും ജലാശയങ്ങളേയും ജലസഞ്ചയങ്ങളേയും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ജനപങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങളോടെയും 'ജലസുരക്ഷ' പദ്ധതി നടപ്പിലാക്കിവരുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണം, ഉള്ള ജലം തങ്ങി താഴ്ന്നിറങ്ങാൻ അവസരമൊരുക്കുന്ന തരത്തിൽ തടയണകൾപോലുള്ള സംവിധാനങ്ങളൊരുക്കി വനത്തിൽ നിന്ന് ആരംഭിച്ച് കടൽ വരെ എന്ന ഒരു പദ്ധതി ജലസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കരയിലും നഷ്ടപ്പെട്ട

നീരുറവകൾ തിരിച്ചുകൊണ്ടുവരുന്നതിന് അഹാഡ്സിന്റെ നേതൃത്വത്തിലുള്ള ഒരു പദ്ധതി അട്ടപ്പാടിയിലും നടപ്പിലാക്കിയിട്ടുണ്ട്. കാലഹരണപ്പെട്ട വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 10 കോടി രൂപ വകയിരുത്തുകയും 43 ജലശുദ്ധീകരണശാലകളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 29.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുമുണ്ട്. കാലഹരണപ്പെട്ട മോട്ടോറുകളും പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ പവർ ആഡിറ്റിംഗ് നടത്തുന്ന കാര്യം ആലോചിച്ചുവരികയാണ്. കുടിവെള്ള വിതരണത്തിന് എല്ലാ ജില്ലകൾക്കുമായി 10 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അനുവദിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാരിൽ നിന്നും 37.45 കോടി രൂപ വരൾച്ചാ സഹായമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും 17 താലൂക്കുകളെയും 60 ശതമാനത്തിലേറെ വില്ലേജുകളേയും വരൾച്ചാ ബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കി. കുട്ടനാടൻ മേഖലയിൽ JICA-യുടെ സഹായത്തോടുകൂടി 174 കോടി രൂപയുടെ ഒരു വൻകിട ശുദ്ധജല വിതരണ പദ്ധതിക്കുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും പോത്തുണ്ടി ജലവിതരണ പദ്ധതി വിപുലീകരണം സംബന്ധിച്ച പ്രോജക്ട് പരിഗണനയിലുണ്ടെന്നും ചീക്കോട് ജലവിതരണ പദ്ധതിയുടെ പണികൾ റീ-ടെൻഡർ ചെയ്ത്

പൂർത്തീകരിക്കാനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 3040 മുതൽ 3291 വരെയുള്ള ചോദ്യങ്ങളിൽ 153 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)